കെ.എം അബ്ദുൽ അഹദ്
തങ്ങൾ/സദ്റുദ്ദീൻ വാഴക്കാട്



# ദാരിദ്ര്യത്തിലും ആവേശം വിടാതെ

**തിരൂർ** ജമാലിയ പ്രസ്സിലായിരുന്നു ആദ്യകാലത്ത് *പ്രബോധനം* അച്ചടിച്ചിരുന്നത്. 1500 കോപ്പിയാണ് ആദ്യ ലക്കം. വില രണ്ടണ. അന്ന് പുറത്തിറങ്ങിയിരുന്ന മിക്ക ദീനീ പ്രസിദ്ധീകരണങ്ങളും ആയിരം കോപ്പിയിലധികം അച്ചടിച്ചിരുന്നില്ല. മാത്രമല്ല, അവയിൽ ഏറെയും അറബി മലയാളത്തിലുമായിരുന്നു.

പ്രസ്സിൽ കൃത്യമായി പണം കൊടുക്കാൻ സാധിക്കാറില്ലായിരുന്നു. വരിസംഖ്യയോ ഏജൻസി പണമോ കൃത്യമായി ലഭിച്ചിരുന്നില്ല. ആളുകൾക്കാണെങ്കിൽ വളരെ ആവേശവും താൽപര്യവും. കാശിന് വലിയ പ്രയാസം നേരിട്ടുകൊണ്ടിരുന്നു. ഓരോ ലക്കവും പ്രസ്സിൽനിന്ന് വാങ്ങുമ്പോൾ അതിന് മുമ്പുള്ള ലക്കത്തിന്റെ അച്ചടിക്കൂലിയാകും പ്രസ്സിൽ കൊടുക്കുക. ഞാൻ എടയൂരിൽ ചെല്ലുമ്പോൾ പ്രതിപക്ഷപത്രം മൂന്നാം പുസ്തകം പതിനൊന്നാം ലക്കം പ്രസ്സിൽ അച്ചടി കഴിഞ്ഞ് കിടക്കുകയാണ്. വാ

ങ്ങാൻ പണമില്ല. അതിന്റെ മുമ്പുള്ള ലക്കത്തിന്റെ പണവും പ്രസ്സിൽ നൽകാനുണ്ടായിരുന്നു.

കാസർകോട്, പഴയങ്ങാടി, സുൽത്താൻ ബത്തേരി, ആയഞ്ചേരി, കുന്ദമംഗലം, കുറ്റ്യാടി തുടങ്ങിയ സ്ഥലങ്ങളിലാണ് സാമ്പത്തികശേഷി അൽപമെങ്കിലുമുള്ള പ്രവർത്തകരും അനുഭാവികളുമുണ്ടായിരുന്നത്. അവിടങ്ങളിലെല്ലാം പോയിട്ടാണ് *പ്രബോധന*ത്തിനാവശ്യമായ കാശ് കണ്ടെത്തിയിരുന്നത്. അവരുടെയെല്ലാം സഹായമാണ് *പ്രബോധന*ത്തെ ഇന്നത്തെ അവസ്ഥയിലേക്കെത്തിച്ചത്. ഇരിക്കൂറിലെ ധനികനും ദീനീ സ്നേഹിയുമായ പി.സി മാമു ഹാജി, കണ്ണൂർ പഴയങ്ങാടിയിലെ എം.എം അബ്ദുർറഹ്മാൻ ഹാജി, എസ്.എ.പി അബ്ബാസ് ഹാജി, കാസർകോട്ടെ എ.കെ ശറൂൽ, കുറ്റ്യാടിയിലെ ബാവാച്ചി ഹാജി, മൊയ്തു ഹാജി, ബത്തേരിയിലെ വാഴക്കണ്ടി അബ്ദുല്ല ഹാജി, പള്ളുരുത്തി ഹാജി തുടങ്ങിയ നിരവധി പേർ *പ്രബോധന*ത്തെ ആദ്യകാലത്ത് താങ്ങിനിർത്തിയവരാണ്. പത്രം മുന്നോട്ടു കൊണ്ടുപോകാൻ പ്രയാസപ്പെട്ട് ഹാജി സാഹിബ് കൈനീട്ടുമ്പോഴെല്ലാം ഇവർ കൈയയച്ച് സഹായിക്കുമായിരുന്നു. പി.സി മാമു ഹാജി *പ്രബോധന*ത്തിനും പ്രസ്ഥാനത്തിനും കാസർകോട് ആലിയക്കും മറ്റും ചെയ്തിട്ടുള്ള സാമ്പത്തിക സഹായം വിലമതിക്കാനാവാത്തതാണ്.

തിരൂരിലെ ജമാലിയ പ്രസ്സിൽ അച്ചടിച്ച് ട്രെയിനിൽ കുറ്റിപ്പുറം റെയിൽവേ സ്റ്റേഷനിൽ കൊണ്ടുവരും. അവിടെനിന്ന് ബസ്സിലാണ് വളാഞ്ചേരിയിലെത്തിക്കുക. ഒരു ബസ്സാണ് അന്നുണ്ടായിരുന്നത്. വൈകുന്നേരം ഏഴു മണിക്കും മറ്റുമായിരിക്കും പ്രസ്സിൽനിന്ന് അച്ചടി കഴിഞ്ഞ് പത്രം കിട്ടുക. പിന്നെയുള്ള ട്രെയിനിൽ വന്നാൽ രാത്രി 12 മണിക്കൊക്കെയായിരിക്കും കുറ്റിപ്പുറത്ത് എത്തുക. രാത്രി പ്ലാറ്റ്ഫോമിൽ കിടക്കേണ്ടിവരും. ബസ്സിലോ തലയിലേറ്റിയോ *പ്രബോധനം* കെട്ട് ഓഫീസിലെത്തിക്കും. ഓഫീസിൽ പ്രദേശത്തുള്ള പ്രവർത്തകരെല്ലാം ഒത്തുചേർന്ന് *പ്രബോധനം* അയക്കാനുള്ള ഒരുക്കത്തിലായിരിക്കും പിന്നീട്. കെ.സി റാപ്പറിൽ അഡ്രസ്സുകൾ എഴുതും. ഒരു കൂട്ടർ *പ്രബോധനം* മടക്കി റാപ്പർ ഒട്ടിക്കും. മറ്റൊരു കൂട്ടർ ഏജൻസികൾക്കുള്ള കെട്ടുകൾ തയാറാക്കും. അങ്ങനെ നേരം പുലരുമ്പോഴേക്കും പണികളെല്ലാം തീർത്ത് അയക്കും. അന്നൊരു ആഘോഷമായിരിക്കും ഓഫീസിൽ. ഹാജി സാഹിബും കെ.സിയുമുൾപ്പെടെയുള്ളവർ പത്രക്കെട്ടും തലയിലേറ്റി പോസ്റ്റോഫീസിലേക്കും റെയിൽവേ സ്റ്റേഷനിലേക്കും പോകാറുണ്ടായിരുന്നു.

വിവിധ സ്ഥലങ്ങളിൽ ആളുകൾ പ്രതീക്ഷയോടെ *പ്രബോധനം* കാത്തിരിക്കും. പോസ്റ്റ് വഴിയും ഏജന്റുമാർ മുഖേനയും കിട്ടുന്നത് കാത്തിരിക്കാൻ ക്ഷമയില്ലാത്ത ചില പ്രവർത്തകർ വളാഞ്ചേരിയിൽ നേരിട്ടുവന്ന് *പ്രബോധനം* കൈപ്പറ്റും. അത്രക്ക് ആവേശമായിരുന്നു ആളുകൾക്ക്. കാരണം ഒരു പുതിയ വായനാനുഭവമാണ് *പ്രബോധനം* കേരളീയ മുസ്‌ലിംകൾക്ക് നൽകിയത്. അതുവരെ കിട്ടാത്ത പുതിയ അറിവുകൾ, പ്രയോഗങ്ങൾ! ഇസ്‌ലാമിനെ ഒരു പ്രസ്ഥാനമായും പ്രത്യയശാസ്ത്രമായും കേരള മുസ്‌ലിംകൾക്ക് പരിചയപ്പെടുത്തിയത് *പ്രബോധന*മാണ്. *പ്രബോധന*ത്തിന് മുമ്പ് അത്തരം പ്രയോഗങ്ങളൊന്നും ഇവിടെ പ്രചാരത്തിലുണ്ടായിരുന്നില്ല.

ഞാൻ ചെന്നതിനു ശേഷം വളാഞ്ചേരിയിൽനിന്ന് എടയൂരിലേക്ക് ഓഫീസ് മാറ്റുകയുണ്ടായി. നാലു നാഴികയുണ്ട് വളാഞ്ചേരിയിൽനിന്ന് എടയൂർ പൂക്കാട്ടിരിയിലേക്ക്. വളാഞ്ചേരി പോസ്റ്റാഫീസിൽ കൊണ്ടുപോയാണ് *പ്രബോധനം* അയക്കുക. എം.ഒ വരുന്നതും അവിടെത്തന്നെ. അവിടെ ഒരു പോസ്റ്റുമാൻ ഉണ്ടായിരുന്നു. പേര് മുഹ


മ്മദ്. കൊണ്ടോട്ടിക്കാരനായിരുന്നു. പിന്നീട് അദ്ദേഹം ജമാഅത്ത് അനുഭാവിയായി മാറി. അദ്ദേഹം അവിടെ കാത്തുനിൽക്കും. ഞാൻ ചെന്ന് എം.ഒ ഒപ്പിട്ട് വാങ്ങും.

## സ്വന്തം പ്രസ്സ്

*പ്രബോധന*ത്തിന് സ്വന്തമായി പ്രസ്സ് വാങ്ങുന്നതിനെക്കുറിച്ച് ആലോചനകൾ നടന്നുകൊണ്ടിരുന്നു. സ്വന്തമായി പ്രസ്സ് ഉണ്ടാകുന്നതോടെ സാമ്പത്തിക പ്രയാസങ്ങൾ കുറേയൊക്കെ പരിഹരിക്കാൻ സാധിക്കും എന്നായിരുന്നു കണക്കു കൂട്ടിയിരുന്നത്. ആദ്യമായി പ്രസ്സ് വാങ്ങിയത് കുറ്റ്യാടിയിലെ ബാവാച്ചി ഹാജിയുടെ സഹായം കൊണ്ടായിരുന്നു. രണ്ടായിരം രൂപ അന്ന് അദ്ദേഹം നൽകി. 1950-ലോ 51-ലോ ആയിരുന്നു അത്. വടകരയിൽ പ്രസ്സ് വിൽക്കാനുണ്ടെന്നറിഞ്ഞ് വാങ്ങി കൊണ്ടുവരികയായിരുന്നു. ഉപയോഗക്ഷമതയെക്കുറിച്ച് ചിന്തിക്കാതെ, ആവേശംകൊണ്ട് വാങ്ങിയതാണ്. അധികം താമസിയാതെ അത് ഉപയോഗശൂന്യമായി. ഒരു ജമാഅത്ത് യോഗത്തിൽ നല്ലൊരു പ്രസ്സിന്റെ ആവശ്യകതയെക്കുറിച്ച ചർച്ച വന്നു. സിലിണ്ടർ പ്രസ്സ് വാങ്ങാനായി ആലോചന. അന്ന് അതിന് 6000-ൽ അധികം രൂപ ചെലവ് വരും. വിഷയം പള്ളുരുത്തി ഹാജിയുടെ മുമ്പിലെത്തി. അദ്ദേഹത്തിന്റെ കൈയിൽ ഉമ്മയുടെ കാശ് ഉണ്ടായിരുന്നു. അത് കടം തരാമെന്ന് പറഞ്ഞു. അതുപയോഗിച്ചാണ് സിലിണ്ടർ പ്രസ്സ് വാങ്ങിയത്. 1953-ലായിരുന്നു ഇത്. ഞാനും ഹാജിസാഹിബും കോയമ്പത്തൂരിൽ പോയാണ് പ്രസ്സ് ഓർഡർ നൽകിയത്. ജമാഅത്തിന്റെ തമിഴ്നാട് ഖയ്യിം ശൈഖ് അബ്ദുല്ല സാഹിബും ഉണ്ടായിരുന്നു (അന്ന് അമീർ എന്ന പേര് ഉപയോഗിച്ചിരുന്നില്ല. ജമാഅത്ത് ഭരണഘടന നിലവിൽ വന്ന ശേഷമാണ് അമീർ എന്ന പ്രയോഗം തുടങ്ങിയത്. 1959-ലാണ് ഭരണഘടന സമ്പൂർണ സ്വഭാവത്തിൽ നിലവിൽ വന്നത്).

ജപ്പാനിലെ 'യോഡ' കമ്പനിയുടെതായിരുന്നു പ്രസ്സ്. കപ്പൽമാർഗം കൊച്ചിയിലെത്തിയ പ്രസ്സ് ഗുഡ്സ് ട്രെയിനിൽ കുറ്റിപ്പുറത്ത് കൊണ്ടുവന്നു. അവിടെനിന്ന് ലോറിയിൽ കയറ്റി എടയൂരിലെത്തിച്ചു. പാർട്സ് ആയിരുന്നില്ല. പ്രസ്സ് ഒന്നിച്ചായിരുന്നു കൊണ്ടുവന്നത്. പ്രസ്സ് സ്ഥാപിക്കാൻ വേണ്ടി ഉണ്ടാക്കിയ റൂമിൽ അത് ഒന്നായി കടത്താനായില്ല. പ്രസ്സിന് വേണ്ടി വേറൊരു റൂമുണ്ടാക്കി.

പ്രസ്സ് കൊണ്ടുവന്നെങ്കിലും അതിന്റെ പ്രവർത്തനങ്ങൾ അറിയുമായിരുന്നില്ല. അങ്ങനെയാണ് വളപട്ടണം പ്രസ്സിൽ ജോലി ചെയ്തിരുന്ന മൂഴിക്കൽ കോയാമുട്ടിയെ എടയൂരിലേക്ക് വിളിച്ചത്. ഹാജിസാഹിബ് അദ്ദേഹത്തിന്റെ പേര് അഹ്മദ് കോയ എന്നാക്കി മാറ്റി. അദ്ദേഹത്തിന്റെ സഹായികളായി ചിലരെയും വിളിച്ചു. ഒരാഴ്ചകൊണ്ട് കമ്പോസിംഗ് പഠിക്കാമായിരുന്നു. പ്രസ്സ് ഫിറ്റ് ചെയ്യാൻ രണ്ടത്താണിയിൽനിന്ന് പി.പി മൊയ്തീൻ സാഹിബിനെ കൊണ്ടുവന്നു. 'മെക്കാനിക് മൊയ്തീൻ സാഹിബ്' എന്നായിരുന്നു അദ്ദേഹം അറിയപ്പെട്ടിരുന്നത്. ഏതാനും വർഷങ്ങൾ മുമ്പ് അദ്ദേഹം മരണപ്പെടുകയുണ്ടായി. ഹാജി സാഹിബിന് അൽപമൊക്കെ മെക്കാനിസം അറിയാമായിരുന്നു. എടവയിലാണ് അന്ന് സാമാന്യം നല്ല പ്രസ്സുണ്ടായിരുന്നത്. *ഇസ്ലാംമതം* ആദ്യമായി അച്ചടിച്ചത് അവിടെയാണ്. ഹാജിസാഹിബ് അവിടെനിന്ന് അച്ചടിപ്പിക്കുകയായിരുന്നു. അങ്ങനെയൊരു പരിചയവവും അദ്ദേഹത്തിനുണ്ടായിരുന്നു. അങ്ങനെയുള്ള കാര്യങ്ങളിൽ താൽപര്യമുള്ള ആളുമായിരുന്നു ഹാജിസാഹിബ്. മൊയ്തീൻ സാഹിബും ഹാജിസാഹിബും ചേർന്ന് പ്രസ്സ് ഫിറ്റ് ചെയ്തു. സിലിണ്ടർ പ്രസ്സിൽ പ്രിന്റ് ചെയ്യാൻ അവിടെയുണ്ടായിരുന്ന അഹ്മദ് കോയക്ക് അറിയുമായിരുന്നില്ല. കാരണം ആദ്യത്തെ പ്രസ്സ് ലറ്റർ പ്രസ്സായിരുന്നു.



പി.സി മാമുഹാജി

ക്രൗൺ 1/4 സൈസിലുള്ള ഈ പ്രിന്റിംഗ് പ്രസ്സ് മോട്ടോറൈസ്ഡ് ആയിരുന്നില്ല. അന്ന് എടയൂരിൽ വൈദ്യുതി എത്തിയിട്ടില്ല. അതിനാൽ മോട്ടോറൈസ്ഡ് പ്രസ്സ് പ്രവർത്തിപ്പിക്കാനുമായില്ല. കൈകൊണ്ട് കറക്കിയാണ് പ്രസ്സ് പ്രവർത്തിച്ചിരുന്നത്.

അഹ്മദ് കോയ മാറ്റർ കമ്പോസ് ചെയ്ത് പ്രസ്സിൽ കയറ്റി കെട്ടി റെഡിയാക്കി. പ്രസ്സ് പ്രവർത്തിപ്പിച്ച് പേപ്പർ വെച്ചു കൊടുക്കണം. എല്ലാവരും പേപ്പർ വെച്ചു നോക്കിയിട്ടും ശരിയാകുന്നില്ല. അവസാനം, പ്രിന്റിങ്ങൊന്നും അറിയാത്ത ഞാൻ വെച്ചപ്പോഴാണ് ശരിയായത്. പിന്നീട് എല്ലാ ലക്കവും കമ്പോസ് ചെയ്ത് കെട്ടി റെഡിയാക്കിയ ശേഷം പേപ്പർ വെക്കാൻ എന്നെ വിളിക്കും. ആ ജോലി ആദ്യകാലത്ത് ഞാനാണ് ചെയ്തിരുന്നത്. ഒരു മണിക്കൂറിൽ 2000 കോപ്പി വരെ അച്ചടിക്കാൻ കഴിഞ്ഞിരുന്നു. ഈ സിലിണ്ടർ പ്രസ് കൂടാതെ മറ്റൊരു ചെറിയ പ്രസ്സും അവിടെ ഉണ്ടായിരുന്നു. ചെറിയ നോട്ടീസുകളും മറ്റും അതിലാണ് അടിച്ചിരുന്നത്. അഹ്മദ് കോയക്കു പുറമെ, സി.പി.എം അബ്ദുൽ ഖാദിർ സാഹിബ്, അബ്ദുർറഹ്മാൻ അസ്ഗറലി സാഹിബ്, പൂക്കോയതങ്ങൾ, കെ. മുഹമ്മദലി, വി.പി മുഹമ്മദലി, കെ. ബാവ എടയൂർ, സി. അഹ്മദ് കോയ, ടി. അബ്ദുൽ കരീം തുടങ്ങിയവരൊക്കെ പ്രസ്സിൽ കമ്പോസിംഗും മറ്റു ജോലികളും നിർവഹിച്ചിരുന്നു. ഇവരെല്ലാം കമ്പോസിംഗ് പഠിച്ചത് *പ്രബോധനം* പ്രസ്സിൽനിന്നു തന്നെയായിരുന്നു. പുതിയ പുതിയ ആളുകളെ ഓരോ രംഗത്തും വളർത്തിക്കൊണ്ടുവരാൻ ഹാജി സാഹിബ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

പ്രസിദ്ധീകരണമാരംഭിച്ച് നാലു മാസങ്ങൾക്കകം 1700 കോപ്പികളായി *പ്രബോധന*ത്തിന്റെ പ്രചാരം വർധിച്ചു. 1957-'58 കാലമായപ്പോഴേക്കും 4500 ലേറെ കോപ്പികളായി. മാസംതോറും നഷ്ടം സഹിച്ചായിരുന്നു ആദ്യഘട്ടത്തിൽ *പ്രബോധനം* നടത്തിയിരുന്നത്. ചില ലക്കങ്ങൾ കൃത്യസമയത്ത് ഇറക്കാൻ സാധിച്ചിരുന്നില്ല. ചില മാസങ്ങളിൽ ഒറ്റ ലക്കമേ ഇറങ്ങാറുണ്ടായിരുന്നുള്ളൂ. ഈ കഷ്ടപ്പാടുകളൊക്കെ ഉണ്ടായിരുന്നെങ്കിലും *പ്രബോധന*ത്തിന് ലഭിച്ച സ്വീകാര്യതയും പ്രചാരവും വമ്പിച്ചതായിരുന്നു. ടി.കെ അബ്ദുല്ല സാഹിബിന്റെ ജ്യേഷ്ഠൻ ടി.കെ കുഞ്ഞഹമ്മദ് സാഹിബ്, എടപ്പാളിലെ താജുദ്ദീൻ സാഹിബ്, പുലാമന്തോളിലെ കുഞ്ഞിരായിൻ കാക്ക തുടങ്ങി പലരും *പ്രബോധന*ത്തിന്റെ പ്രചാരണത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചവരായിരുന്നു. *പ്രബോധന*ത്തിന്റെ ശബ്ദം കേരളത്തിലെ പല സ്ഥലങ്ങളിലുമെത്തിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത് ഇവരൊക്കെയാണ്.

## ടി.കെ കുഞ്ഞഹമ്മദ് സാഹിബ്

ടി.കെ അബ്ദുല്ല സാഹിബിന്റെ ജ്യേഷ്ഠ സഹോദരൻ ടി.കെ കുഞ്ഞഹമ്മദ് സാഹിബ് ജമാഅത്തെ ഇസ്‌ലാമിയുടെ യോഗത്തിൽ എന്തു ത്യാഗം സഹിച്ചും പങ്കെടുക്കും. ആയഞ്ചേരിയിൽനിന്ന് നടന്ന് വടകരയിൽ വരും. അവിടെനിന്ന് ട്രെയിനിൽ കുറ്റിപ്പുറത്ത് എത്തും. അവിടെനിന്ന് വളാഞ്ചേരി വരെ നടക്കും. ശേഷം *പ്രബോധന*വും ഐ.പി.എച്ച് പുസ്തകങ്ങളും വാങ്ങി കുറ്റിപ്പുറത്തേക്ക് തിരിച്ചുനടക്കും.

വഴിയിലുടനീളം അവയെല്ലാം വിൽപന നടത്തും. ട്രെയിനിലും വിൽക്കും. വടകര, ആയഞ്ചേരി ഭാഗങ്ങളിലെല്ലാം പ്രസ്ഥാനത്തെ പരിചയപ്പെടുത്തുന്നതിലും സാഹിത്യങ്ങൾ പ്രചരിപ്പിക്കുന്നതിലും വലിയ പങ്കാണ് അദ്ദേഹം വഹിച്ചത്.

1953 ലാണ് ടി. മുഹമ്മദ് സാഹിബ് *പ്രബോധന*ത്തിന്റെ എഡിറ്റോറിയൽ സ്റ്റാഫായി എടയൂരിലെത്തിയത്. കെ.സിയുടെയും ടി.കെയുടെയും അഭാവത്തിൽ *പ്രബോധന*ത്തിന്റെ പ്രവർത്തനങ്ങളിൽ ഹാജി സാഹിബിനെ സഹായിക്കലായിരുന്നു അദ്ദേഹത്തിന്റെ ചുമതല. ചെറുപ്പക്കാരായ കെ.സി, ടി.കെ, ടി.എം, സി.പി.എം അബ്ദുൽ ഖാദിർ സാഹിബ് തുടങ്ങിയവരുടെ കൂട്ടായ്മയും ഹാജി സാഹിബിന്റെ നേതൃത്വവും ആവേശം നൽകിയ സന്ദർഭമായിരുന്നു അത്.

ആദ്യകാലത്ത് കൃത്യമായ ശമ്പളം നിശ്ചയിച്ചുകൊണ്ടായിരുന്നില്ല ഞങ്ങളൊന്നും *പ്രബോധന*ത്തിൽ ജോലി ചെയ്തിരുന്നത്. ആവശ്യങ്ങൾ വരുമ്പോൾ ഏതാണ്ട് യോജിച്ചവരെ ഹാജി സാഹിബ് വിളിച്ചുവരുത്തി ചുമതലയേൽപ്പിക്കും. അവരൊന്നും ശമ്പളം ഉദ്ദേശിച്ചോ 'ജോലി' തേടിയോ വന്നവരായിരുന്നില്ല. പ്രസ്ഥാനമായിരുന്നു അവരുടെ മനസ്സ് നിറയെ. ശമ്പളം നൽകാനുള്ള അവസ്ഥയൊന്നും അന്ന് ജമാഅത്തിന് ഉണ്ടായിരുന്നില്ല. ജമാഅത്തിന്റെ ഖയ്യിം എന്ന നിലക്ക് മാസാന്തം നൂറ് രൂപയായിരുന്നു ഹാജി സാഹിബിന് കേന്ദ്ര ജമാഅത്ത് നിശ്ചയിച്ചിരുന്നത്. *പ്രബോധന*ത്തിലും ഓഫീസിലും പ്രവർത്തിച്ചിരുന്നവർക്ക് അവരുടെ അത്യാവശ്യങ്ങൾക്കും ജമാഅത്തിന്റെ സൗകര്യത്തിനുമനുസരിച്ച് എന്തെങ്കിലുമൊക്കെ കൊടുക്കുകയായിരുന്നു പതിവ്.

## എടയൂരിലെ ഓഫീസ്

ഈയൊരു അവസ്ഥയിൽ ഒരു ഓഫീസ് ഉണ്ടാക്കുകയെന്നത് എളുപ്പമായിരുന്നില്ല. എടയൂരിലെ പള്ളിയുടെ മുകളിലായിരുന്നു പണികളെല്ലാം നടന്നിരുന്നത്. സ്ഥലപരിമിതി പ്രയാസം സൃഷ്ടിച്ച ഘട്ടത്തിൽ ഒരു ഓഫീസ് നിർമിക്കുന്നതിനെ കുറിച്ച് ചിന്തിച്ചു. ഹാജി സാഹിബ് സ്വന്തം വീട്ടുവളപ്പിൽ റോഡരികിൽ ഒരു കെട്ടിടം നിർമിക്കാൻ തുടങ്ങി. മുകളിൽ *പ്രബോധനം* ഓഫീസും താഴെ റൂമുകൾ വാടകക്ക് കൊടുക്കലുമായിരുന്നു ഉദ്ദേശ്യം. 1950-'51ലായിരുന്നു അതിന്റെ നിർമാണം. ഹാജി സാഹിബിന്റെ വ്യക്തിപരമായ ഉടമസ്ഥതയിലായിരുന്നു ഈ കെട്ടിടം. പിന്നീട് ഹാജി സാഹിബിന് കടബാധ്യതയുണ്ടായപ്പോൾ അത് തീർക്കാനുള്ള പണം കണ്ടെത്താൻ വേണ്ടി കെട്ടിടം കേരള ജമാഅത്തിന് വിൽക്കുകയായിരുന്നു.

ഹാജിസാഹിബ് വളരെ സ്നേഹമുള്ള വ്യക്തിയായിരുന്നു. എല്ലാവരോടും മനസ്സു നിറയെ സ്നേഹം. അനിവാര്യ സന്ദർഭങ്ങളിൽ ദേഷ്യപ്പെടുകയും ചെയ്യും. എന്തെങ്കിലും കാര്യം ചെയ്യണമെന്ന് തീരുമാനിച്ചാൽ തന്റേടത്തോടെ അത് നിർവഹിക്കും. അത്തരമൊരു ശ്രമത്തിന്റെ ഫലമായിരുന്നു എടയൂരിലെ ഓഫീസ്.

## കോഴിക്കോട്ടേക്ക്

1957 മെയ് മാസത്തിൽ, അഖിലേന്ത്യാ അമീർ അബുല്ലൈസ് സാഹിബിന്റെ സാന്നിധ്യത്തിൽ കൊച്ചിയിൽ ചേർന്ന ജമാഅത്തിന്റെ ഒരു മുശാവറ യോഗം, ജമാഅത്തിന്റെ ആസ്ഥാനം എടയൂരിൽനിന്ന് കോഴിക്കോട്ടേക്ക് മാറ്റാൻ തീരുമാനിക്കുകയുണ്ടായി. ജമാഅത്തിന്റെ പ്രവർത്തനങ്ങൾ വികസിച്ചതോടെ എടയൂർ പോലൊരു സ്ഥലം ആസ്ഥാനമായി ഉപയോഗിക്കാൻ മതിയായതായിരുന്നില്ല. അങ്ങനെയാണ് മേരിക്കുന്നിലേക്ക് മാറാൻ തീരുമാനിച്ചത്. എന്നാൽ ചില അന്വേഷണങ്ങൾ നടത്തിയെന്നതല്ലാതെ കൂടുതലൊന്നും ചെയ്യാൻ സാധിച്ചില്ല. സാമ്പത്തിക പ്രയാസം തന്നെ മുഖ്യം.

1959 ഒക്ടോബർ 4-ന് എടയൂരിൽ ചേർന്ന മുശാവറ യോഗം ഒരു വർഷത്തിനുള്ളിൽ കേന്ദ്രമാറ്റം സഫലമാക്കണമെന്ന് ദൃഢനിശ്ചയം ചെയ്തു. ഒരു വർഷത്തിനുള്ളിൽ തദാവശ്യാർഥം എത്ര പണം സംഭാവന ചെയ്യാൻ കഴിയുമെന്ന് ജമാഅത്ത് പ്രവർത്തകരോട് അന്വേഷിച്ചു. 40,000 രൂപ കിട്ടുമെന്നായിരുന്നു പ്രവർത്തകരിൽനിന്ന് ലഭിച്ച വാഗ്ദാനം. തുടർന്ന് ഊർജിതമായ പ്രവർത്തനങ്ങൾതന്നെ നടത്തി.



ബാവാച്ചി ഹാജി

ഇപ്പോൾ *പ്രബോധനം* പ്രവർത്തിക്കുന്ന വെള്ളിമാട്കുന്നിൽ സ്ഥലം വാങ്ങി ചെറിയൊരു ബിൽഡിംഗിന്റെ പണി ആരംഭിച്ചു. പ്രസ്സ് പ്രവർത്തിക്കാനുള്ള കെട്ടിടവും താമസസൗകര്യവും ഏതാണ്ട് പണി പൂർത്തിയായപ്പോൾ ഓഫീസ് അങ്ങോട്ട് മാറ്റി. 1960 ഒക്ടോബർ 2-നു അന്ന് മദ്രാസ് അമീറായിരുന്ന മൗലാനാ ശൈഖ് അബ്ദുല്ല സാഹിബ് പുതിയ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഉദ്ഘാടനയോഗത്തിൽ സമീപ പ്രദേശങ്ങളിൽനിന്ന് ധാരാളം ആളുകൾ പങ്കെടുത്തിരുന്നു. പ്രധാന കെട്ടിടത്തിന്റെ പണി അപ്പോൾ പൂർത്തിയായിരുന്നില്ല.

1959 ഒക്ടോബർ 2-നായിരുന്നു ഹാജി സാഹിബ് മരണപ്പെട്ടത്. അതിനു ശേഷം *പ്രബോധന*ത്തിന്റെ പ്രിന്റർ & പബ്ലിഷർ, മാനേജർ, പ്രസ്സിന്റെ മാനേജർ തുടങ്ങിയ ചുമതലകൾ എന്നിൽ ഏൽപ്പിക്കപ്പെട്ടു. 1962 മുതൽ '64 വരെ രണ്ടു വർഷക്കാലം വാണിമേലിലെ സി.എം സൂപ്പി മാസ്റ്ററായിരുന്നു മാനേജർ. ഞാനന്ന് ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ മാനേജറായി നിശ്ചയിക്കപ്പെട്ടു. ശാന്തപുരം കോളേജിന്റെ ചുമതലകളിൽ അക്കാലത്ത് ചില മാറ്റങ്ങൾ നടന്നിരുന്നു. എ.കെ അബ്ദുൽ ഖാദിർ മൗലവിക്കും അബുൽ ജലാൽ മൗലവിക്കുമായിരുന്നു അന്ന് ശാന്തപുരത്തിന്റെ ചുമതല. എ.കെയെ മേരിക്കുന്ന് ജമാഅത്ത് ഓഫീസിന്റെ ഉത്തരവാദിത്വം ഏൽപിച്ചു. ശാന്തപുരം കോളേജിന്റെ പ്രിൻസിപ്പലായി ടി. ഇസ്ഹാഖലി മൗലവിയെയും മുറബ്ബിയായി ഇസ്സുദ്ദീൻ മൗലവിയെയും നിശ്ചയിച്ചു. മാനേജറായിരുന്നു ഞാൻ. രണ്ടു വർഷത്തിനു ശേഷം *പ്രബോധനം* വാരിക തുടങ്ങിയപ്പോൾ ഞാൻ വെള്ളിമാട്കുന്നിലേക്കുതന്നെ മടങ്ങി.

ഹാജിസാഹിബിന്റെ മരണ ശേഷം, ടി. മുഹമ്മദ് സാഹിബായിരുന്നു *പ്രബോധന*ത്തിന്റെ പത്രാധിപർ; ടി.കെ അബ്ദുല്ല സാഹിബ് സഹപത്രാധിപരും. അക്കാലത്ത് മാഹി പെരിങ്ങാടിയിലെ കെ.എം അബ്ദുർറഹീം സാഹിബും *പ്രബോധനം* എഡിറ്റോറിയലിൽ പ്രവർത്തിച്ചിരുന്നു. *പ്രബോധന*ത്തെ സംബന്ധിച്ച് വളർച്ചയുടെ സവിശേഷമായൊരു ഘട്ടമായിരുന്നു 1960-കൾ.

## മാസികയും വാരികയും പിറക്കുന്നു

1960 ആഗസ്റ്റ് 22-ന് എടയൂരിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി കേരള മജ്ലിസെ മുശാവറ സുപ്രധാനമായ ഒരു തീരുമാനം കൈക്കൊണ്ടു. *പ്രബോധനം* പ്രതിപക്ഷ പത്രത്തെ ഇരട്ടി പേജുള്ള ഒരു മാസികയാക്കി മാറ്റുക, പുതുതായി ഒരു വാരിക ആരംഭിക്കുക- ഇതായിരുന്നു ആ തീരുമാനം. 1960-ൽ പ്രസിദ്ധീകരിച്ച റി

പ്പോർട്ട് പുസ്തകത്തിൽ അതു സംബന്ധിച്ച് ഇങ്ങനെ പറഞ്ഞിരുന്നു: "സാധാരണക്കാർക്ക് നമ്മുടെ *പ്രബോധനം* പരിചയപ്പെടുത്താനും ജമാഅത്തിനെതിരെ പ്രചരിപ്പിക്കപ്പെടുന്ന തെറ്റുധാരണകൾ യഥാ വസരം ദൂരീകരിക്കാനും ഇസ്‌ലാമിക വാർത്തകൾ അപ്പപ്പോൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കാനും അത്തരമൊരു വാരികയുടെ ആവശ്യം അതിക്രമിച്ചിരിക്കുകയാണ്. എന്നാൽ സ്റ്റാഫിൽ ഒന്നോ രണ്ടോ യോഗ്യരായ പ്രവർത്തകന്മാരെ കൂടി നിശ്ചയിക്കാത്ത കാലത്തോളം ഈ സംരംഭം വിജയിക്കുക പ്രയാസമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അധികം താമസിയാതെ വാരിക പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു" (റിപ്പോർട്ട് പുസ്തകം 1960 ഡിസംബർ, പേജ് 27).

എന്നാൽ 1964 വരെ ഈ പ്രതീക്ഷ സഫലമാകാതെ കിടന്നു. 1963-ൽ നടന്ന മേഖലാ സമ്മേളനങ്ങളിൽ പ്രധാനമായി ഉയർന്നുവന്ന ഒരാവശ്യം *പ്രബോധനം* വാരികയായി പ്രസിദ്ധീകരണം ആരംഭിക്കണമെന്നായിരുന്നു. 1964-ലെ രണ്ട് ശൂറാ യോഗങ്ങളിൽ ഇതു സംബന്ധിച്ച ഗൗരവപ്പെട്ട ചർച്ചകൾ നടന്നു. രണ്ടാമത്തെ ശൂറാ യോഗത്തിലാണ് തീരുമാനമുണ്ടായത്. ■

(തുടരും)

sadarvzkd@yahoo.co.in